ശ്രീ. കെ. ടി. അച്യുതൻ : ഉടനെ ചെയ്യുന്നതാണ്.

ശ്രീ. ആർ. സുഗതൻ : തിരുവനന്തപുരം കണ്ണൂക്ക് ഓടുന്ന ഡീലക്സ് ബസ്സിനു 19 രൂപ 70 നയാപൈസയായിരുന്ന ചാർജ്ജ്. ഈ വർദ്ധിച്ച കണക്കനുസരിച്ച് 24 രൂപയാണ്. ഇതു പഴയ നിരക്കിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോഴം നിവത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കോട്ടയത്തു പല ബസ്സുകളും നിറുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ നിറുത്തിയ റൂട്ടുകളിലെല്ലാംതന്നെ വേറെ ബസ്സുകൾ ഓടിക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : എല്ലാ ബസ്സുകളും ഇല്ല. ചില റൂട്ടുകളെ സംബന്ധിച്ചിടത്തോളം നികുതിബാക്കി വന്നപ്പോഴം ആ ബസ്സുകൾ നിറുത്തിയിട്ടുണ്ട്. ടാക്സ് അടച്ചവ വീണ്ടും ഓടിത്തുടങ്ങിയിട്ടുണ്ട്.

ഡീലക്സ് സർവ്വീസ്.

* 87. [13] ശ്രീമതി കുസുമം ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നും കണ്ണൂക്ക് കോട്ടയം മൂവാറ്റുപുഴ കാലടി വഴി ഒരു ഡീലക്സ് സർവ്വീസ് തുടങ്ങുമോ ;

(ബി) തലസ്ഥാനത്തുനിന്നും തൃശ്ശൂർ, കണ്ണൂർ മുതലായ കേന്ദ്രങ്ങളിലേക്ക് കോട്ടയം മൂവാറ്റുപുഴ, പെരുമ്പാവൂർവഴി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളം തുടങ്ങുന്നതിന് ഗവണ്മെന്റ് എന്തെങ്കിലും നടപടികളം സ്വീകരിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തൽക്കാലം സാദ്ധ്യമല്ല.

(ബി) നേരിട്ട് (through) സർവ്വീസ് ഇല്ലെന്നേയുള്ള.

ശ്രീ. കെ. ഹസ്സൻഗനി : മൂവാറ്റുപുഴ—മുനമ്പം ഡീലക്സ് ബസ് തുടങ്ങുന്നതിനു വല്ല നടപടികളും എടുക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കോട്ടയം വഴി ഓടിക്കാൻ സാധിച്ചിട്ടില്ല. അതു കഴിഞ്ഞു മറ്റു സ്ഥലത്തെപ്പറ്റി നോക്കാം.

അണ്ടത്തോട് ഫർക്കയിലുള്ള പണിയർ വിഭാഗം

* 872. [14] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്കിലെ അണ്ടത്തോട് ഫർക്കയിലുള്ള 'പണിയർ' വിഭാഗം ഹരിജനങ്ങളാണോ ;

(ബി) ആണെങ്കിൽ ഈ ജാതിക്കാരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള ചെലവ് ഗ്രാന്റ് ഇക്കൊല്ലം അനുവദിക്കാത്തതെന്തുകൊണ്ട് ;

(സി) ഈ ജാതിക്കാർ ഹരിജനങ്ങളിൽ ഉൾപ്പെട്ടകയില്ലെങ്കിൽ 1961 വരെ ഇവരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള lump-sum ഗ്രാന്റ് കൊടുക്കാനുണ്ടായ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly